# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.861 — 09.08.2017 -ലെ മറുപടി

## തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കൃഷി

ചോദ്യം
ശ്രീ. മുരളി പെരുനെല്ലി

മറുപടി
മാത്യു ടി തോമസ്
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | തൃശ്ശൂർ ജില്ലയിലെ 30000 ഏക്കർ കോൾ നിലങ്ങളിലെ കൃഷി സംരക്ഷിക്കുന്നതിനായി ഇടിയഞ്ചിറ, ഏനാമാങ്കൽ, മുളയം തുടങ്ങിയ താൽക്കാലിക ചിറകളുടെ നിർമ്മാണത്തിനായി സ്വീകരിച്ച് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | എ) | തൃശ്ശൂർ ജില്ലയിലെ 30000 ഏക്കർ കോൾ നിലങ്ങളിലെ കൃഷി സംരക്ഷിക്കുന്നതിനായി ഇടിയഞ്ചിറ, ഏനാമാക്കൽ, മുനയം തുടങ്ങിയ താൽക്കാലിക ചിറകളുടെ നിർമ്മാണ പ്രവൃത്തികൾ 2017-18 വർഷത്തേയ്ക്കുള്ള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | പ്രസ്തുത ചിറകളുടെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എസ്റ്റിമേറ്റ് തുക എത്രയാണ്; ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | ബി) | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| സി) | മേൽപ്പറഞ്ഞ സ്ഥലങ്ങളിലെ കനാലുകളുടെയും ചിറകളുടെയും അറ്റകുറ്റപ്പണികൾക്കും നിർമ്മാണത്തിനുമായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ എത്ര തുക അനുവദിക്കുകയുണ്ടായി; വിശദാംശങ്ങൾ നൽകാമോ; | സി) | ബഡ്ജറ്റ് വിഹിതത്തിനു പുറമേ തുകയൊന്നും അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | മുൻവർഷം യഥാസമയം ചിറകളുടെ നിർമ്മാണം നടത്താൻ കഴിയാതിരുന്നതുമൂലം ഉപ്പുവെള്ളം കയറി കൃഷി നശിച്ച സാഹചര്യത്തിൽ ഈ വർഷം യഥാസമയം ചിറകൾ നിർമ്മിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | ഡി) | 2017-18 വർഷത്തേയ്ക്കുള്ള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത ചിറകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. 2017 നവംബർ മാസത്തോടെ ടെണ്ടർ ചെയ്യാമെന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ